പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3195

19.06.2018-ൽ
മറുപടിക്ക്

## തൊഴിൽക്കരം കൂട്ടുന്നതിന് ഭരണഘടനാ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) പഞ്ചായത്തുകളിലെയും മുൻസിപ്പാലിറ്റികളിലെയും കെട്ടിട നികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് അഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ശുപാർശകളുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് കെട്ടിട നികുതി നിരക്കുകൾ വർഷാവർഷം 5% വീതം വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടി വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുന്നതിനായി പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ഭേദഗതി വരുത്തേണ്ടതുണ്ട്. 31.10.2017 ലെ ജി.ഒ(പി) 80/2017/തസ്വഭവ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് വിവിധ വ്യാപാരങ്ങൾ, ഫാക്ടറികൾ, സംരംഭങ്ങൾ എന്നിവയുടെ ലൈസൻസ് ഫീസിൽ മാറ്റം വരുത്തിയിട്ടുണ്ട്.<br><br>തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതി പരിഷ്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വംയഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന മാർഗ്ഗങ്ങളായ നികുതി-നികുതിയേതര വരുമാനങ്ങൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| ബി) തനത് വരുമാനം വർദ്ധിപ്പിക്കുവാൻ തൊഴിൽക്കരം കൂട്ടണമെന്ന് 15-ാം ധനകാര്യ കമ്മീഷനോട് പഞ്ചായത്ത് പ്രതിനിധികൾ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണ് ; തൊഴിൽക്കരം കൂട്ടുന്നതിന് ആവശ്യമായ ഭരണഘടനാ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ? | സി) പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിൽ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ